# പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.981 — 05.03.2020 ൽ മറുപടിക്ക്

## നിരത്തുപരിപാലനം മുൻകൂട്ടി ആസൂത്രണം ചെയ്യാൻ പദ്ധതി

**ചോദ്യം**

ശ്രീ.ടി. വി. ഇബ്രാഹിം

**മറുപടി**

ശ്രീ.ജി.സുധാകരൻ
(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

(എ) പൊതുമരാമത്ത് വകുപ്പിന്റെ നിരത്തുകൾ സമയബന്ധിതമായി പരിപാലനം ചെയ്യുന്നത് മുൻകൂട്ടി ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിനുള്ള ക്രിയാത്മകമായ പദ്ധതി ആവിഷ്കരിക്കാമോ;

(ബി) മഴക്കാലം കഴിഞ്ഞ് മാസങ്ങൾ പിന്നിട്ടിട്ടും ടെൻഡർ നടപടികൾ ഇഴഞ്ഞുനീങ്ങുന്ന നിലവിലെ സ്ഥിതിക്ക് ഇതുവഴി പരിഹാരം കാണാൻ കഴിയുമെന്ന് വിലയിരുത്തുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(എ) & (ബി) പൊതുമരാമത്ത് വകുപ്പിന്റെ നിരത്തുകൾ സമയബന്ധിതമായി പരിപാലനം ചെയ്യുന്നത് മുൻകൂട്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

നിരത്ത് നിർമ്മാണപരിപാലന മേഖലയിൽ പൊതുമരാമത്ത് വകുപ്പ് മുഖേന നടന്നു വരുന്ന പ്രധാന പദ്ധതിയാണ് "പൊതുമരാമത്ത് വകുപ്പ് റോഡുകൾ ഡിജിറ്റലൈസ് ചെയ്യുന്നതിനായി റോഡ് മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റം (RMMS) നടപ്പിലാക്കുക" എന്നത്. കമ്പ്യൂട്ടർ നെറ്റ് വർക്ക് സംവിധാനം മുഖേന റോഡുകളുടെ അവസ്ഥ, വാഹനസാന്ദ്രത, ഗുണനിലവാരം എന്നിവ തുടർച്ചയായി വിശകലനം ചെയ്ത്. റോഡുകളുടെ വാർഷിക പരിപാലന പദ്ധതി (ARMOP) തയ്യാറാക്കുക എന്നതാണ് RMMS ന്റെ ലക്ഷ്യം. ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടന്നു വരുന്നു. കൂടാതെ സാമ്പത്തികവും സാംസ്കാരികവുമായ വളർച്ചയെ മുൻനിർത്തി വിവിധ സംസ്ഥാനങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന വാഹന സാന്ദ്രത കൂടിയതുമായ സംസ്ഥാന പാതകൾ, വിനോദസഞ്ചാര കേന്ദ്രങ്ങൾ, തുറമുഖങ്ങൾ, വിമാനത്താവളങ്ങൾ എന്നിവയെ പരസ്പരം ബന്ധിപ്പിക്കുന്ന പ്രധാന റോഡുകൾ ഉൾപ്പെട്ട ഒരു ശൃംഖലയായ കോർ റോഡ് നെറ്റ് വർക്ക് രൂപീകരിക്കുന്ന പ്രവർത്തനങ്ങളും പുരോഗതിയിലാണ്. ഔട്ട്പുട്ട് ആന്റ് പെർഫോമൻസ് ബെയ്സ്ഡ് റോഡ് കോൺട്രാക്ട് (OPBRC) എന്ന ആധുനിക കരാർ ആശയപ്രകാരം

| | |
|---|---|
| | സംസ്ഥാനത്തെ റോഡുകളുടെ പരിപാലന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങളും പുരോഗമിച്ചു വരുന്നു. കരാർ പ്രകാരം 7 വർഷക്കാലമാണ് നിരത്തുകൾ ഒരു കരാർ പ്രകാരം പരിപാലിക്കാൻ സാധിക്കുക. ഇതിനായി സംസ്ഥാനത്ത് ഒരു കോർ റോഡ് നെറ്റ് വർക്ക് (CRN) തയ്യാറാക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചു വരുന്നു. ഇപ്പോൾ കേരളത്തിലെ റോഡുകളിൽ 98% വരെ കേടുപാടില്ലാതെ പൂർണ്ണ ഗതാഗത യോഗ്യമായിട്ടുണ്ട്. 2% ത്തിന് പലവിധ പ്രവർത്തനങ്ങൾക്കായി പദ്ധതികൾ ഉണ്ട്. |
| (സി) പുതുതായി രൂപീകരിച്ച നിരത്ത് പരിപാലന വിഭാഗത്തെ ഇക്കാര്യത്തിൽ ക്രിയാത്മകമായി ഉപയോഗിക്കാൻ കഴിയുമോയെന്ന് വ്യക്തമാക്കാമോ? | (സി) മേൽ സൂചിപ്പിച്ച കാര്യങ്ങളെല്ലാം തന്നെ പൊതുമരാമത്ത് വകുപ്പ് നിരത്ത് പരിപാലന വിഭാഗം മുഖേനയാണ് നടപ്പിലാക്കി വരുന്നത്. |

**സെക്ഷൻ ഓഫീസർ**